ഉത്തരം

(എ) 1-1-2002 മുതൽ 25-7-2003 വരെ 235 വാഹനമോഷണ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 2002-ൽ 141 കേസുകൾ. 2003-ൽ (25-7-2003 വരെ) 94 കേസുകൾ.

(സി) 69.

(ഡി) വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) വാഹനമോഷണം തടയുന്നതിനായി രാത്രിയിലും പകലും ഹൈവേയിലും സിറ്റി അതിർത്തികളിലും വാഹന പരിശോധന നടത്തുകയും സ്ഥിരം കുറ്റവാളികളെ കണ്ടെത്തുന്നതിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്.

ഏറ്റുമാനൂരിലെ വിവിധ ഫൈനാൻസിയേഴ്സിനെതിരെയുള്ള കേസുകൾ

48 [5191] ശ്രീ. പി. ടി തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ ഏറ്റുമാനൂരിൽ പ്രവർത്തിക്കുന്ന സിറ്റി ഫൈനാൻസ്, ശ്രേയസ് ഫൈനാൻസ്, ആനന്ദ് ഫൈനാൻസ് എന്നീ സ്ഥാപനങ്ങളുടെ ഉടമകൾക്ക് എതിരെ എത്ര കേസുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ആരാണ് ഓരോ ഫൈനാൻസിയേഴ്സിന്റെയും ഉടമസ്ഥർ എന്ന് വ്യക്തമാക്കുമോ;

(സി) കേസുകൾ ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഓരോ കേസിനും ആസ്പദമായ വസ്തുതകൾ വിശദീകരിക്കാമോ;

(ഇ) ഇത്തരം ഫൈനാൻസിയേഴ്സിന്റെ ഭീഷണി മൂലം ചിലർ നാടുവിട്ടുപോയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതേക്കുറിച്ച് അന്വേഷിക്കുമോ;

(ജി) ഇത്തരം ഫൈനാൻസിയേഴ്സിന്റെ പണപ്പിരിവുകാരായും മറ്റും നിരവധി ആളുകളെ ചുമതലപ്പെടുത്തുകയും ഇവരിൽ പലരും വധഭീഷണി മുഴക്കി ജനജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിക്കുമോ?

ഉത്തരം

(എ) കേസുകൾ ഒന്നും നിലവിലില്ല.

(ബി) സിറ്റി ഫൈനാൻസ്—എൻ. ബി. സജിമോൻ, നടുവിലെപ്പറമ്പിൽ, ഏറ്റുമാനൂർ. ആനന്ദ് ഫൈനാൻസ്—ഷിനു മാത്യു, ഒറ്റപ്ലാക്കൽ, കുറുമുള്ളൂർ എന്നിവരാണ്.

(സി, ഡി) കേസുകൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഏറ്റുമാനൂർ കിഴക്കുംഭാഗം കരയിൽ കോതലടി വീട്ടിൽ ഔസേഫ് എബ്രഹാം മകൻ ബേബി എബ്രഹാം എന്നയാൾ വിവിധ ഫൈനാൻസിയേഴ്സുകളിൽ നിന്നും പണം എടുത്ത് നാടുവിട്ടു പോയിട്ടുള്ളതാണ്. ഇതു സംബന്ധിച്ച് ഏറ്റുമാനൂർ പി. എസ്. ക്രൈം 156/02 യു.എസ്. മാൻ മിസ്സിംഗ് ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതുമാണ്. ടിയാന് ആരിൽ നിന്നും ഭീഷണി ഉള്ളതായി അറിയില്ല.

(എഫ്) അന്വേഷണം നടന്നുവരുന്നു.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(എച്ച്) എന്തെങ്കിലും തരത്തിലുള്ള അക്രമങ്ങൾ ഉണ്ടായാൽ അക്കാര്യത്തിൽ കർശനമായ നിയമനടപടികൾ സ്വീകരിക്കുന്നതും അന്വേഷണം നടത്തുന്നതുമാണ്.

ത്രിശൂല വിതരണം

49 [5192] ശ്രീ. സി. മമ്മൂട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ത്രിശൂല വിതരണം നടന്നിട്ടുണ്ടോ;

(ബി) ഇത് എത്ര കേന്ദ്രങ്ങളിൽ നടന്നുവെന്നറിയിക്കാമോ;

(സി) ഇതു സംബന്ധിച്ച് പോലീസ് എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഡി) ത്രിശൂലവിതരണം സമൂഹത്തിൽ സാമുദായിക സംഘർഷമുണ്ടാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്നു കേന്ദ്രങ്ങളിൽ.

(സി) കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

മുത്തങ്ങയിൽ നടന്ന വെടിവയ്പ്പിനെ സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അന്വേഷണം

50 [5193] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എൻ. രാജൻ:
,, പി. നാരായണൻ:
,, പി. എസ്. സുപാൽ:
,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly